(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ & ബി) താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച ഭേദഗതികൾ കൂടി വാറ്റ് നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

1. സ്പെഷ്യൽ ഇക്കോണമിക് സോണിന്റെ വ്യാപാര ഇടപാടുകളും ഡ്യൂട്ടി താരിഫ് എന്നിവയും രാജ്യത്തിന്റെ കസ്റ്റംസ് പരിധിക്ക് പുറത്താണെന്ന് നിർവ്വചിക്കപ്പെട്ടിട്ടുള്ളതിനാൽ ഡൊമസ്റ്റിക് താരിഫ് ഏരിയായിൽ നിന്ന് ഇക്കണോമിക്ക് സോണിലേക്കുള്ള വിൽപ്പനയ്ക്കും വാറ്റ് നിയമത്തിൽ കയറ്റുമതി നൽകുന്ന അതേ പരിഗണന തന്നെ നൽകേണ്ടതാണ്.

2. എക്സ്പോർട്ട് ഓറിയന്റഡ് യൂണിറ്റുകളുടെ കയറ്റുമതി സംസ്ഥാനതല വാറ്റിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതാണ്. ഈ യൂണിറ്റുകളിലേക്ക് ഡൊമസ്റ്റിക് താരിഫ് ഏരിയയിൽ നിന്നുള്ള വിതരണത്തിന്റെ നികുതി പൂജ്യം നിരക്കിൽ ആയിരിക്കണമെന്നും വിതരണം നടത്തുന്ന യൂണിറ്റുകൾക്ക് അവർ അസംസ്കൃത സാധനങ്ങൾക്ക് നൽകുന്ന വാറ്റു നികുതിയ്ക്ക് ക്രെഡിറ്റ്/റീ ഫണ്ട് അനുവദിക്കണം.

3. സ്പെഷ്യൽ ഇക്കണോമിക് സോൺ/എക്സ്പോർട്ട് ഓറിയന്റഡ് യൂണിറ്റുകൾ എന്നിവ പരസ്പരം നടത്തുന്ന വിതരണം സംസ്ഥാനതല വാറ്റിൽ നിന്നും ഒഴിവാക്കണം.

4. പൂജ്യം നിരക്ക് എന്ന ആശയം വാറ്റ് നിയമത്തിൽ നിർവ്വചിക്കുകയും കയറ്റുമതി സംബന്ധിച്ച് പ്രത്യേക വകുപ്പ് ഉൾപ്പെടുത്തുകയും വേണം. മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കണം. നിയമത്തിൽ പലിശയുടെ പെയ്മെന്റ്/റീഫണ്ട് എന്നിവ സംബന്ധിച്ച ചട്ടങ്ങൾ ഉൾപ്പെടുത്തണം.

ഈ നിർദ്ദേശങ്ങൾ സംബന്ധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണെന്ന് കേന്ദ്ര ഗവൺമെന്റിന് ഉറപ്പ് നൽകിയിട്ടുണ്ട്.

നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനം

7 (*217) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി കേരളത്തിനുവേണ്ടി പ്രഖ്യാപിച്ച നാളികേര ടെക്നോളജിമിഷൻ കേരകൃഷിക്ക് ഗുണപ്രദമാണോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെങ്ങിനെ ബാധിച്ചിട്ടുള്ള രോഗത്തിനു പ്രതിവിധി കാണുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ടെക്നോളജി മിഷൻ ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) കേരളത്തിലെ നാളികേരകൃഷി അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായ തെങ്ങിനുള്ള രോഗത്തിന് പ്രതിവിധി കാണാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനത്തിനായി കേന്ദ്രത്തിൽ നിന്നു ധനസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തുക എന്തിനെല്ലാം വേണ്ടിയാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) കേരളത്തിന് മാത്രമായിട്ടല്ല ടെക്നോളജി മിഷൻ പ്രഖ്യാപിച്ചിട്ടുള്ളത്. നാളികേരകൃഷി ചെയ്യുന്ന എല്ലാ സംസ്ഥാനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടെക്നോളജി മിഷൻ പ്രവർത്തിക്കുന്നത്. കേരകൃഷിയുടെ എട്ടു ജില്ലകളെ ബാധിച്ചിരിക്കുന്ന Root Wilt disease ഇല്ലാതാക്കുന്നതിനുള്ള പ്രോഗ്രാം അല്ലാതെ വെട്ടിമാറ്റിരോഗപ്രതിരോധമുള്ള തൈവയ്ക്കൽ പരിപാടിയില്ല.

(ബി & സി) ഉണ്ട്. തെങ്ങിനെ ബാധിച്ചിട്ടുള്ള കാറ്റുവീഴ്ച രോഗം വ്യാപിക്കുന്നത് തടയുന്നതിന് അതിർത്തി ജില്ലകളായ തൃശൂർ, തിരുവനന്തപുരം ജില്ലകളിലെ 6,34,261 രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വച്ചുപിടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സമർപ്പിച്ച 37.697 കോടി രൂപയുടെ പദ്ധതിക്ക് ടെക്നോളജി മിഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 9.42 കോടി രൂപ കേന്ദ്രസഹായമാണ്.

(ഡി) വടക്കൻ ജില്ലകളിൽ കാറ്റുവീഴ്ച രോഗം ബാധിച്ച് തെങ്ങുകൾ വെട്ടിമാറ്റുന്നതുപ്രകാരം തൃശൂർ കരുവന്നൂർ പുഴയ്ക്ക് വടക്കുള്ള ജില്ലകളായ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ ധനസഹായം നൽകുന്നു. ഈ വർഷം 3.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര വികസന ബോർഡ് പദ്ധതി പ്രകാരം രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ ഈ എട്ടു ജില്ലകളിലും വെട്ടിമാറ്റുന്നതിന് 250 രൂപ ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. 2002-2003 വർഷം ഒരു ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 250 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനങ്ങൾ കേന്ദ്രനാളികേര വികസന ബോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ മിഷന്റെ പ്രവർത്തനപ്രകാരം സംസ്ഥാനത്തെ വിവിധ ഏജൻസികൾക്ക് മൊത്തം 4170.92 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

അടങ്കൽ തുകവരുന്ന 8 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. (വിശദീകരണക്കുറിപ്പ് കാണുക)* അവയുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

1. കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 37.67 കോടി

2. നാളികേര കീടരോഗം തടയുന്നതിന് ഡെമോൺസ്ട്രേഷൻ 140.90 ലക്ഷം

3. വെളിച്ചെണ്ണ ആട്ടോമൊബൈൽ ഓയിലായി ഉപയോഗിക്കുന്നതിനെക്കുറിച്ച് സ്റ്റഡി 9.92 ലക്ഷം രൂപ

4. ഇളനീർ കോൺസൺട്രേറ്റ് വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് 9.95 ലക്ഷം രൂപ

5. ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസ്സിംഗ് 160 ലക്ഷം രൂപ

6. നാളികേര ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് 21.15 ലക്ഷം രൂപ

7. നാളികേര ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് കേരഫെഡ് 50 ലക്ഷം രൂപ.

8. രോഗവിമുക്ത തെങ്ങുകൾ കണ്ടുപിടിക്കുന്നതിന് ആന്റിസീറം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ.

ചന്ദനതൈലം നിർമ്മിക്കുന്ന ഫാക്ടറികൾ

8 (*218) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചന്ദനതൈലം ഉത്പാദിപ്പിക്കുന്ന എത്ര ഫാക്ടറികൾ ഉണ്ട് ;

(ബി) ഈ ഫാക്ടറികൾക്കാവശ്യമായ ചന്ദനം നൽകുവാൻ സംസ്ഥാനത്തിന് കഴിയുമോ ;

(സി) പ്രസ്തുത ഫാക്ടറികൾക്കുവേണ്ടി 2002-2003-ൽ വനംവകുപ്പ് എത്ര ചന്ദനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ ഗവൺമെന്റ് ചന്ദന ഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly